## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.959**

**29/09/2016 ൽ മറുപടിയ്ക്ക്**

## കശുവണ്ടി ഫാക്ടറികൾ

**ചോദ്യം**
**ശ്രീമതി.പി.അയിഷാ പോറ്റി**

**ഉത്തരം**
**മെഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| (എ) | അടഞ്ഞുകിടന്ന കശുവണ്ടി ഫാക്ടറി കൾ തുറന്നു പ്രവർത്തിപ്പിക്കാൻ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ; | (എ) കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കീഴിലുള്ള 40 ഫാക്ടറികൾ ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കി ഇതിനകം തുറന്നു പ്രവർത്തിപ്പിച്ചിട്ടുണ്ട്. സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കാൻ ബഹു.ഫിഷറീസ് & കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രിയും, ബഹു.മുഖ്യമന്ത്രിയും പ്രത്യേകം പ്രത്യേകം യോഗങ്ങൾ വിളിച്ചു ചേർക്കുകയും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ വ്യവസായികളിൽ നിന്നും തന്നെ മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ സ്വീകരിച്ചു വരികയാണ്. ബഹു.മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ തോട്ടണ്ടി കൈവശമുള്ളവർ ഫാക്ടറി തുറക്കാത്ത വിഷയം പരിഗണിക്കുകയും കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ |

| | | |
|---|---|---|
| | | നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രി കശുവണ്ടി വ്യവസായികളോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. കൂടാതെ കാഷ്യു സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ ഫാക്ടറികളിൽ പരിശോധന നടത്തുകയും തോട്ടണ്ടി ലഭ്യമായിട്ടും തുറന്ന് പ്രവർത്തിപ്പിക്കാത്ത ഫാക്ടറികൾ തുറക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ നിയമപരമായി സ്വീകരിക്കാൻ കഴിയുന്ന എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്. |
| (ബി) | തോട്ടണ്ടിയുടെ സമാഹരണ (ബി) ത്തിനായി ദീർഘകാലാടിസ്ഥാന ത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | കശുവണ്ടി വ്യവസായം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ആവശ്യത്തിന് തോട്ടണ്ടി ലഭ്യമല്ല എന്നുള്ളതാണ്. തോട്ടണ്ടി ലഭ്യമാക്കുന്നതിനായി രണ്ട് മാർഗ്ഗങ്ങളാണ് അവലംബിക്കാൻ ഉദ്ദേശിക്കുന്നത്.<br>1. ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുക.<br>2. .ഇറക്കുമതി കൂട്ടുക.<br>ഇറക്കുമതി പ്രക്രിയ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനായി ഒരു SPV രൂപീകരിക്കുന്ന വിഷയം ഗവൺമെന്റ് പരിഗണിച്ച് വരുന്നു.<br>കുറഞ്ഞ വിലയ്ക്ക് മേന്മയേറിയ തോട്ടണ്ടി ലഭ്യമാക്കുന്നതിനായി കോർപ്പറേഷൻ മേധാവികളും, സർക്കാർ ഉദ്യോഗസ്ഥരും അടങ്ങിയ ഒരു ടീമിനെ തോട്ടണ്ടി ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ |

| | | |
|---|---|---|
| | | അടിസ്ഥാനത്തിൽ മത്സ്യബന്ധന ഹാർബർ എഞ്ചിനീയറിംഗ് കശുവണ്ടി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ലേബർ കമ്മീഷണർ, കശുവണ്ടി വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, കാപ്പക്സ് മാനേജിംഗ് ഡയറക്ടർ എന്നിവർ അംഗങ്ങളായ ഒരു ടീമിനെ താമസിയാതെ ടാൻസാനിയായിലേക്ക് അയയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | സ്വകാര്യ കശുവണ്ടി ഫാക്ടറികൾ (സി) തുറന്നു പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ? | ചെറുകിട /വൻകിട വ്യവസായികളുമായി വകുപ്പ് മന്ത്രിയും ബഹു.മുഖ്യമന്ത്രിയും കശുവണ്ടി വ്യവസായരംഗത്തെ പ്രതിസന്ധി ചർച്ച് ചെയ്തു. സാമ്പത്തിക പ്രതിസന്ധി മൂലം പൂട്ടിയ ഫാക്ടറി ഉടമകളുടെ ലോണുകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിനെ സംബന്ധിച്ചും നിലവിലുള്ള വായ്പകൾ റീ-ഷെഡ്യൂൾ ചെയ്യുന്നതിനെക്കുറിച്ചും പുതിയ വായ്പകൾ അനുവദിക്കുന്നതിനെക്കുറിച്ചും ആലോചിച്ചു വരുന്നു. ഇതിനായി രൂപീകരിക്കപ്പെട്ട സർക്കാർ പ്രതിനിധികളും ബാങ്കു പ്രതിനിധികളുമടങ്ങിയ എംപവേർഡ് കമ്മിറ്റി സജീവമായി ഇക്കാര്യം പരിഗണിച്ചു വരികയാണ്. തോട്ടണ്ടി ലഭ്യമാക്കുന്നതിന് ഒരു ദീർഘകാല പദ്ധതിയായി ഒരു കൺസോർഷ്യം രൂപീകരിക്കുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ